പ്രീ-പ്രൈമറി ടീച്ചർ ട്രെയിനിംഗ്	..	45,000 രൂപ
അംഗവൈകല്യമുള്ള കുട്ടികൾക്ക് ഉപകരണം	..	1,75,500 രൂപ
മെയിന്റനൻസ് ഗ്രാന്റ്	..	3,20,000 രൂപ
സ്കൂൾ ഗ്രാന്റ്	..	2,80,000 രൂപ
ടീച്ചർ ഗ്രാന്റ്	..	3,80,500 രൂപ
ടീച്ചർ ട്രെയിനിംഗ്	..	3,17,500 രൂപ

(ബി) ഇല്ല.

(സി) ഇതു സംബന്ധിച്ച് അന്വേഷണം നടത്താൻ ഉത്തരവിട്ടിട്ടുണ്ട്.

മഞ്ചേരി മണ്ഡലത്തിലെ അൺ എയ്ഡഡ് മേഖലയിൽ വിദ്യാലയങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിന് നടപടി

65 [1468] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി മണ്ഡലത്തിൽ അൺ എയ്ഡഡ് മേഖലയിൽ വിദ്യാലയങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം വിദ്യാലയങ്ങളുടെ അപേക്ഷകളാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) സ്കൂളുകളുടെ ലിസ്റ്റ് താഴെ കൊടുക്കുന്നു:

1. ഹിക്കമിയ്യ സ്വതീംഖാന ഹൈസ്കൂൾ
2. കെ. സി. ജെ. എം. ഹൈസ്കൂൾ, പയ്യനാട്.
3. അൽ ഇർഷാദ് പബ്ലിക് സ്കൂൾ, മഞ്ചേരി.
4. നാഷണൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ, ഒനല്ലിക്കുത്ത്.
5. അൽഹുദ ഇംഗ്ലീഷ് സ്കൂൾ, മഞ്ചേരി.
6. ഹോളിക്രോസ് യു. പി. സ്കൂൾ, ഊർങ്ങാട്ടിരി.

2/2313/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly

7. അൽഫാറൂഖ് എൽ. പി. സ്കൂൾ

8. സുല്ലമുസ്സാം പബ്ലിക് സ്കൂൾ, അരീക്കോട്.

(സി) & (ഡി) അൺ-എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്ന കാര്യത്തിൽ ഗവൺമെന്റ് നയപരമായ തീരുമാനം എടുത്തിട്ടില്ല.

ഇൻഫർമേഷൻ ടെക്നോളജി പഠിപ്പിക്കുന്നതിന് അദ്ധ്യാപകരെ നിയമിക്കാൻ നടപടി

66 [1469] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ എന്നുമുതലാണ് ഇൻഫർമേഷൻ ടെക്നോളജി ഒരു പ്രത്യേക വിഷയമായി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയത് ;

(ബി) ഐ. ടി. യിൽ അദ്ധ്യാപനം നടത്തുന്നതിന് സ്കൂളുകളിൽ പ്രത്യേകം അദ്ധ്യാപകരെ നിയോഗിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കമ്പ്യൂട്ടർ ഐച്ഛിക വിഷയമായി പഠിച്ച അദ്ധ്യാപകരെ ഇതിനായി നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 8-ാം ക്ലാസ്സിൽ 2002-03 അദ്ധ്യയന വർഷം
9-ാം ക്ലാസ്സിൽ 2003-04 അദ്ധ്യയന വർഷം
10-ാം ക്ലാസ്സിൽ 2004-05 അദ്ധ്യയന വർഷം

(ബി) ഇല്ല. നിലവിലുള്ള അദ്ധ്യാപകർക്ക് ആവശ്യമായ കമ്പ്യൂട്ടർ പരിശീലനം നൽകി അവരെ ഉപയോഗിച്ച് ആദ്യം ഐ. ടി. വിദ്യാഭ്യാസവും അതിനുശേഷം ഐ. ടി. അധിഷ്ഠിത വിദ്യാഭ്യാസവും നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) പരിഗണനയിലില്ല.

ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് ബി. എഡ്. അഡ്മിഷന് സംവരണം

67 [1470] ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി. എഡ്. യോഗ്യതയില്ലാത്ത ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് ബി. എഡ്. അഡ്മിഷന് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly